Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2026/1562-7 (2) തീയതി: 11.09.2026

# സർക്കുലർ

വിഷയം:- കൈറ്റ് - അപ്പർ പ്രൈമറി വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് ജൂനിയർ - പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് പുറപ്പെടുവിച്ച നിർദേശങ്ങളിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ച്

സൂചന:- ഈ ഓഫീസിലെ 08.09.2026 ലെ കൈറ്റ്/2026/1562-7 (1) നമ്പർ സർക്കുലർ

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് അപ്പർ പ്രൈമറി സ്കൂളുകളിൽ 2026-27 അധ്യയന വർഷം പൈലറ്റ് അടിസ്ഥാനത്തിൽ 'ലിറ്റിൽ കൈറ്റ്സ് ജൂനിയർ' ആരംഭിക്കുന്നതിന് പുറപ്പെടുവിച്ച സൂചന സർക്കുലറിലെ 10-ാമത്തെ നിർദേശം താഴെപ്പറയുംവിധം ഭേദഗതി ചെയ്യുന്നു:

'ലിറ്റിൽ കൈറ്റ്സ് ജൂനിയർ' പദ്ധതിയുടെ പൈലറ്റ് നിർവഹണം സർക്കാർ, എയ്ഡഡ് വ്യത്യാസമില്ലാതെ താല്പര്യമുള്ള എല്ലാ അപ്പർ പ്രൈമറി വിദ്യാലയങ്ങളിലും തികച്ചും സൗജന്യമായാണ് നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കാൻ സ്കൂളുകൾക്ക് ഹൈടെക് ലാബ് സ്കീം വഴി കൈറ്റ് ലഭ്യമാക്കിയ ലാപ്ടോപ്പുകൾ പ്രയോജനപ്പെടുത്താം. പരിശീലന ഉള്ളടക്കം, അധ്യാപകർക്കുള്ള പരിശീലനം, ഡിജിറ്റൽ വിഭവങ്ങൾ തുടങ്ങിയവയും കൈറ്റ് സൗജന്യമായി ലഭ്യമാക്കും. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളിൽ എന്തെങ്കിലും സവിശേഷ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെങ്കിൽ ആയത് സ്കൂൾ തലത്തിൽ തന്നെ നടത്തേണ്ടതാണ്.

**കെ.അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ലോവർ പ്രൈമറി/അപ്പർ പ്രൈമറി സ്കൂൾ/ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന

പകർപ്പ്:

- പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
- എല്ലാ ഡി.ഡി.ഇ./ഡി.ഇ.ഒ/എ.ഇ.ഒ.മാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
- കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
- സ്റ്റോക്ക് ഫയൽ